ലഭിച്ചിട്ടില്ല. സംസ്ഥാനത്ത് ഓൺലൈൻ മരുന്ന വ്യാപാരം സംബന്ധിച്ച പരാതികളൊന്നും തന്നെ വകുപ്പിൽ ലഭ്യമായിട്ടില്ല. എന്നിരുന്നാലും ഓൺലൈൻ മരുന്നുവ്യാപാരം സംബന്ധിച്ച പരിശോധന വകുപ്പ് കർശനമാക്കിയിട്ടുണ്ട്. നിയമവിരുദ്ധമായ ഇത്തരം വില്പന ശ്രദ്ധയിൽപ്പെടുന്ന പക്ഷം വകുപ്പ് ആയതിന്മേൽ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ചട്ടങ്ങൾക്ക് വിരുദ്ധമായി അംഗീകൃത ഡോക്ടറുടെ കുറിപ്പടി ഇല്ലാതെ മരുന്നുകടകളിൽനിന്നും ഡോക്ടറുടെ കുറിപ്പടി അനിവാര്യമായിട്ടുള്ള മരുന്നുകൾ വിതരണം ചെയ്യുന്നുണ്ടോ എന്ന് വകുപ്പ് കർശനമായി പരിശോധിക്കുന്നുണ്ട്. നിയമലംഘനം നടത്തുന്നവർക്കെതിരെ വകുപ്പ് കർശനമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ആവശ്യമായ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കാതെയും പൊതുജനങ്ങളെ തെറ്റിധരിപ്പിക്കുന്ന അവകാശവാദങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള പൊതു ജനാരോഗ്യത്തിന് ഭീഷണിയാകുന്ന ഓൺലൈൻ മരുന്നുവ്യാപാരം സംസ്ഥാനത്ത് ശ്രദ്ധ യിൽപ്പെട്ടാൽ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ

120 (3554) ശ്രീ. ജോസഫ് വാഴക്കൻ :

ശ്രീ. വർക്കല കഹാർ :

ശ്രീ. പി. എ. മാധവൻ :

ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കീഴിൽ എത്ര ലാബുകൾ പ്രവർത്തിക്കുന്നു ; എവിടെയെല്ലാം ;

(ബി) വിറ്റഴിക്കുന്ന എല്ലാ മരുന്നിന്റെയും സാമ്പിളുകളുടെ ഗുണനിലവാരം പരിശോധിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(സി) ഗുണനിലവാരമില്ലാത്ത എത്ര മരുന്നുകൾ കഴിഞ്ഞ 12 മാസത്തിനിടെ കണ്ടെത്തുവാൻ കഴിഞ്ഞു ; പ്രസ്തുത മരുന്നുകൾ നിർമ്മിച്ച കമ്പനികൾക്കെതിരെ എന്ത് നടപടി സ്വീകരിച്ചു ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) വിറ്റഴിക്കപ്പെടുന്ന മുഴുവൻ മരുന്നുകളുടെയും ഗുണനിലവാരം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കീഴിൽ 2 ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. അവ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഡ്രഗ്സ് ടെസ്റ്റിംഗ് ലബോട്ടറി, എറണാകുളത്തെ റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി എന്നിവയാണ്.

(ബി) ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾ 1945-ലെ ഷെഡ്യൂൾ എം പ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങൾക്കും പ്രസ്തുത ഷെഡ്യൂൾ നിർദ്ദേശിക്കുന്ന വ്യവസ്ഥകൾക്കും അനുസൃതമായി എല്ലാ മരുന്ന് നിർമ്മാതാക്കളും തങ്ങൾ നിർമ്മിക്കുന്ന ഓരോ ബാച്ച് മരുന്നുകളുടെയും തീവ്രമായ ഗുണനിലവാരം ഉറപ്പാക്കിയശേഷമാണ് വിതരണത്തി നായി വിപണിയിൽ എത്തിക്കുന്നത്. ആയത് വകുപ്പിലെ ഉദ്യോഗസ്ഥർ നിർമ്മാണ ത്തിന്റെ വിവിധ ഘട്ടങ്ങളിലായി മരുന്ന് നിർമ്മാണശാലകൾ പരിശോധിച്ച് ഉറപ്പുവരുത്തു ന്നുണ്ട്. ഇതിന് പുറമെ സ്റ്റോറേജ്, ട്രാൻസ്പോർട്ടേഷൻ എന്നിവയിലുള്ള അപാകത കൾമൂലം ഗുണനിലവാരം കുറഞ്ഞതായി സംശയം തോന്നുന്ന മരുന്നുകളുടെ റാൻഡം സാമ്പിളുകൾ ഗവൺമെന്റ് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്.

(സി) 2014 ജൂലായ് മാസം മുതൽ 2015 ജൂൺ മാസം വരെ 134 മരുന്ന് സാമ്പിളുകൾ ഗുണനിലവാരം ഇല്ലാത്തതായി കണ്ടെത്തിയിട്ടുണ്ട്. അവയിൽ 12 മരുന്ന് കമ്പനികൾക്കെതിരെ വകുപ്പ് പ്രോസിക്യൂഷൻ നടപടികളും മറ്റുള്ളവയ്ക്കെതിരെ വകുപ്പുതല നടപടികളും ആരംഭിച്ചിട്ടുണ്ട്.

(ഡി) ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾ 1945-ലെ ഷെഡ്യൂൾ എം പ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങൾക്കും പ്രസ്തുത ഷെഡ്യൂൾ നിർദ്ദേശിക്കുന്ന വ്യവസ്ഥകൾക്കും അനുസൃതമായി എല്ലാ മരുന്ന് നിർമ്മാതാക്കളും തങ്ങൾ നിർമ്മിക്കുന്ന ഓരോ ബാച്ച് മരുന്നുകളുടെയും തീവ്രമായ ഗുണനിലവാരം ഉറപ്പാക്കിയശേഷമാണ് വിതരണത്തിനായി വിപണിയിൽ എത്തിക്കുന്നത്. ആയത് വകുപ്പിലെ ഉദ്യോഗസ്ഥർ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലായി മരുന്ന് നിർമ്മാണ ശാലകൾ പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. ഇതിനുപുറമെ സ്റ്റോറേജ്, ട്രാൻസ്പോർട്ടേഷൻ എന്നിവയിലുള്ള അപാകതകൾമൂലം ഗുണനിലവാരം കുറഞ്ഞതായി സംശയം തോന്നുന്ന മരുന്നുകളുടെ റാൻഡം സാമ്പിളുകൾ ഗവൺമെന്റ് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെടുന്ന മരുന്നുകളുടെ വിതരണം സംസ്ഥാനത്ത് തടഞ്ഞ് നിർമ്മാതാക്കൾക്കെതിരെ വകുപ്പുതല/നിയമനടപടികൾ സ്വീകരിച്ചു വരുന്നു.